## കേരള സർവകലാശാല

നം. പി.ആർ.125/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018-19

## ശ്രീ സത്യസായ് ആർട്സ് & സയൻസ് കോളേജ് (എയ്ഡഡ്), തോന്നയ്ക്കൽ,തിരുവനന്തപുരം. പുതിയ കോളേജ് / കോഴ്സുകൾ- ഓൺലൈൻ അപേക്ഷ നൽകാം.

കേരള സർവകലാശാലയിൽ പുതുതായി അഫിലിയേറ്റ് ചെയ്ത എയ്ഡഡ് കോളേജായ തിരുവനന്തപുരം തോന്നയ്ക്കൽ ശ്രീ സത്യസായ് ആർട്സ് & സയൻസ് കോളേജിൽ ബി.എ ഇംഗ്ലീഷ് (30 സീറ്റ്), ബി.കോം. ഫിനാൻസ് (40 സീറ്റ്), ബി.എസ്.സി ഫിസിക്സ് (30 സീറ്റ്) എന്നീ കോഴ്സുകൾ അനുവദിച്ചു. താൽപ്പര്യമുളള വിദ്യാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷ നൽകാവുന്നതാണ്.നിലവിൽ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്കും ഈ കോളേജും കോഴ്സുകളും അപേക്ഷയിൽ ചേർക്കാവുന്നതാണ്.പുതുതായി കോളേജും കോഴ്സും നൽകുന്ന വിദ്യാർത്ഥികൾ മാറ്റം വരുത്തിയ പുതിയ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.ഇതിനായി സർവകലാശാലയിലേക്ക് അപേക്ഷകൾ ഒന്നും തന്നെ അയയ്ക്കേണ്ടതില്ല.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## ഒന്നാം വർഷ ബിരുദ പ്രവേശനം-തിരുത്തലുകൾക്ക് അവസരം

ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുളള (2018-2019)ഓൺലൈൻ രജിസ്ട്രേഷൻ അപേക്ഷയിൽ അക്കാദമിക് വിവരങ്ങളിൽ തിരുത്തലുകൾ വരുത്തുവാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നു.മെയ് 31 മുതൽ ജൂൺ 4 വരെ തിരുത്തലുകൾ വരുത്തുാവുന്നതാണ്. തിരുത്തലുകൾ വരുത്തികഴിഞ്ഞ് Save and Refresh നൽകിയശേഷം Submit ചെയ്ത് പുതിയ പ്രിന്റ് ഔട്ട് എടുത്ത് തുടർ ഉപയോഗങ്ങൾക്കായി സൂക്ഷിക്കുക.ഇതിനോടകം തന്നെ സ്പോട്സ്, കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് വിവിധ കോളേജുകളിൽ അപേക്ഷ സമർപ്പിച്ചു കഴിഞ്ഞ വിദ്യാർത്ഥികൾ തിരുത്തലുകൾ വരുത്തുന്നുണ്ടെങ്കിൽ പുതിയ പ്രിന്റ് ഔട്ട് ബന്ധപ്പെട്ട കോളേജിൽ/ കോളേജുകളിൽ സമർപ്പിക്കണം. ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 8ന് അവസാനിക്കുന്നതാണ്. ഓൺലൈൻഅപേക്ഷയുടെ പകർപ്പുകൾ സർവകലാശാലയ്ക്ക് അയക്കേണ്ടതില്ല.

## സി.ബി.സി.എസ്.എസ്. പ്രാക്ടിക്കൽ വൈവ വോസി പരീക്ഷകൾ

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.കോം , ബി.എസ്.സി.-കെമിസ്ട്രി, ബോട്ടണി,സുവോളജി,ബയോകെമിസ്ട്രി,ഹോംസയൻസ്,സൈക്കോളജി,ജിയോളജി,പോളിമർകെമിസ്ട്രി,മാത്തമാറ്റിക്സ് പ്രാക്ടിക്കലും വൈവവോസിയും ജൂൺ 4 മുതൽ 14 വരെ അതതുകോളേജുകളിൽ വച്ചു നടത്തുന്നതാണ്.ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്. ഡബ്ല്യു പ്രവേശന പരീക്ഷ

2018-2019 അദ്ധ്യയനവർഷത്തേക്കുളള എം.എസ് ഡബ്ല്യു കോഴ്സിന് ലയോള കോളേജിൽ പ്രവേശന പരീക്ഷ എഴുതാൻ അപേക്ഷിച്ചവരും എന്നാൽ യു. ഐ.ടി. പിരപ്പൻകോട് , യു.ഐ.ടി. ആലപ്പുഴ എന്നിവിടങ്ങളിലും പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവരുമായ വിദ്യാർത്ഥികൾ പ്രത്യേകമായ അപേക്ഷ ഓൺലൈൻ ആയി (www.admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ നിശ്ചിത ഫീസ് സഹിതം രജിസ്റ്റർ ചെയ്യേണ്ടതാണ്.യു.ഐ.ടികളിലേക്ക് പ്രവേശന പരീക്ഷക്കുളള അപേക്ഷ ഓൺലൈനായി സമർപ്പിക്കാനും അപേക്ഷയുടേയും അനുബന്ധരേഖകളുടെയും അസ്സൽ പകർപ്പുകൾ രജിസ്ട്രാർക്ക് സമർപ്പിക്കാനുമുളള അവസാന തീയതി ജൂൺ 11. പ്രസ്തുത അപേക്ഷകർക്ക് ലയോള കോളേജിൽ പ്രവേശന പരീക്ഷ എഴുതാവുന്നതാണ്. പ്രവേശന പരീക്ഷയിലെ റാങ്കും അപേക്ഷകരുടെ ഓപ്ഷനും അനുസരിച്ച് യു.ഐ.ടി. കളിലെ എം.എസ് ഡബ്ല്യു കോഴ്സിന് പ്രവേശനം നൽകുന്ന കാര്യം തീരുമാനിക്കുന്നതാണ്.

## ബി.എ മ്യൂസിക് പ്രായോഗിക പരീക്ഷ

2018 ഏപ്രിലിൽ നടത്തിയ ബി.എ മ്യൂസിക് മെയിൻ (പാർട്ട് 3) പരീക്ഷയുടെ സബ്സിഡിയറി വിഷയമായ വീണയുടെ പ്രായോഗിക പരീക്ഷ ജൂൺ 7 ന് രാവിലെ 10 മണിക്ക് തിരുവനന്തപുരം ഗവ: വിമൻസ് കോളേജിൽ വച്ച് നടക്കും.

## എം.കോം (2016-18 ബാച്ച്) വൈവ വോസി പരീക്ഷ

നാലാം സെമസ്റ്റർ എം.കോം (2016-18 ബാച്ച്) വൈവ വോസി പരീക്ഷ ജൂൺ 8 ന് രാവിലെ 10 മണിക്ക് കാര്യവട്ടം കൊമേഴ്സ് പഠനവകുപ്പിൽ വച്ച് നടക്കും.

## ബി.ടെക് ടൈംടേബിൾ

2013 സ്കീം മൂന്നാം സെമസ്റ്റർ ബി.ടെക് കോഴ്സ്കോഡിൽ വരുന്ന ബി.ടെക് പാർട്ട് -ടൈം റീസ്ട്രക്ചേഡ് 2013 സ്കീം ഒന്ന് ,രണ്ട് ,മൂന്ന് സെമസ്റ്റർ പരീക്ഷാടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## യു.ജി.സി നെറ്റ് പരിശീലനക്ലാസ്

കേരളസർവ്വകലാശാല ഗവേഷകയൂണിയനും ഐ.ക്യു.എ.സിയും സംയുക്തമായി സംഘടിപ്പിക്കുന്ന യു.ജി.സി നെറ്റ് പരിശീലനക്ലാസിനു തുടക്കമായി. കാര്യവട്ടം ക്യാമ്പസിലെ സ്കൂൾ ഓഫ് ബിസിനസ് മാനേജ്മെന്റ് ആന്റ് ലീഗൽ സ്റ്റഡീസ് സെമിനാർ ഹാളിൽ ആരംഭിച്ച പരിശീലനക്ലാസ് വൈസ് ചാൻസിലർ ഇൻ ചാർജ് പ്രൊഫ. സി. ഗണേഷ് ഉദ്ഘാടനം ചെയ്തു. ഐ.ക്യു.എ.സി ഡയറക്ടർ ഡോ. ഗബ്രിയേൽ സൈമൺ തട്ടിലിന്റെ അധ്യക്ഷതയിൽ ചേർന്ന പരിപാടിയിൽ ഗവേഷകയൂണിയൻ ട്രഷറർ ഡോ.ഷാജി വർക്കി ആശംസയർപ്പിച്ചു. യൂണിയൻ ചെയർമാൻ വിഷ്ണു.കെ. പി സ്വാഗതവും കോഴ്സ് കോ-ഓർഡിനേറ്റർ ഡോ. ഇ.ഷാജി നന്ദിയും പറഞ്ഞു. സർവ്വകലാശാലയിലെ

വിവിധപഠനവകുപ്പുകളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ചടങ്ങിൽ പങ്കെടുത്തു. വിവിധ കോളേജുകളിൽ നിന്നായി നൂറിൽപ്പരം വിദ്യാർത്ഥികളാണ്പരിശീലനക്ലാസിൽ പങ്കെടുക്കുന്നത്. ജൂൺ മാസത്തിലെ ശനി, ഞായർ ദിവസങ്ങളിൽ രാവിലെ മുതൽ വൈകുന്നേരം വരെയാണ് ക്ലാസ് നടക്കുന്നത്.

## എം.ബി.എ പ്രവേശനം

2018–2019 അദ്ധ്യയനവർഷത്തെ എം.ബി.എ പ്രവേശനത്തിനായുള്ള കെ–മാറ്റ് കേരളയുടെ ജൂൺ24ന് ആരംഭിക്കുന്ന പരീക്ഷക്ക് അപേക്ഷിക്കാനുള്ള അവസാനതീയതി ജൂൺ 7. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ന്യൂസ് എന്ന ലിങ്കിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

മൂന്നാം സെമസ്റ്റർ ബി.ടെക് (2013 സ്കീം ) ജൂൺ/ജൂലൈ 2018 പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ടെക് പരീക്ഷ

എം.ടെക് ആറ് ,ഏഴ് സെമസ്റ്റർ (പാർട്ട് ടൈം)റഗുലർ/സപ്ലിമെന്ററി പരീക്ഷൾക്ക്പിഴ കൂടാതെ ജൂൺ 11, 50 രൂപ പിഴയോടുകൂടി ജൂൺ 13, 125 രൂപ പിഴയോടുകൂടി ജൂൺ 16 വരെയും ഓൺലൈനായി അപേക്ഷസമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018

## കമ്മ്യൂണിറ്റി ക്വാട്ട/ സ്പോർട്സ് ക്വാട്ട അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 08.06.2018.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിലും, എല്ലാ കോളേജുകളിലുമുള്ള സ്പോർട്സ് ക്വാട്ടയിലും പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി സമർപ്പിച്ച അപേക്ഷയുടെ ഒരു പ്രിന്റൗട്ടും അനുബന്ധ രേഖകളും ബന്ധപ്പെട്ട കോളേജുകളിൽ 08.06.2018 വൈകിട്ട് 5 മണിക്ക് മുൻപ് സമർപ്പിക്കണം. അപേക്ഷകൾ ഒന്നും തന്നെ സർവകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018

## പ്രിൻസിപ്പൽമാരുടെ യോഗം 08.06.2018-ന്

ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാരുടെയും, അഡ്മിഷൻ കോ-ഓർഡിനേറ്റർമാരുടെയും യോഗം 08.06.2018 വെള്ളിയാഴ്ച്ച സർവകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ചേംബറിൽ വച്ച് നടത്തുന്നതാണ്. സർക്കാർ/എയ്ഡഡ് കോളേജുകളുടേത് രാവിലെ 11 മണിയ്ക്കും, സ്വാശ്രയ/യു.ഐ.റ്റി/ ഐ.എച്ച്.ആർ.ഡി എന്നിവയുടേത് ഉച്ചയ്ക്ക് 2 മണിയ്ക്കുമാണ് നടത്തുന്നത്. എല്ലാ കോളേജുകൾക്കും ഇ-മെയിൽ അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ ഇ-മെയിൽ ലഭിക്കാതെ വന്നാൽ ഈ പത്രക്കുറിപ്പ് അറിയിപ്പായി കരുതി പ്രസ്തുത യോഗത്തിൽ കൃത്യ സമയത്ത് പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## വിനയം(വിജ്ഞാനനവീകരണ യത്നം)

അന്താരാഷ്ട്ര കേരള പഠനകേന്ദ്രം ഗവേഷണ വിദ്യാർത്ഥികൾക്കായി നടത്തുന്ന അർദ്ധ വാർഷിക സെമിനാറായ വിനയത്തിന്റെ മൂന്നാം ലക്കം ജൂലൈയിൽ നടക്കുന്നു.കഴിഞ്ഞ രണ്ടു ലക്കങ്ങളിലായി നടന്ന സെമിനാർ പ്രബന്ധങ്ങൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.ഈ ലക്കം മുതൽ സെമിനാറിൽ കേരളത്തിലെ എല്ലാ സർവകലാശാലകളിലേയും വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്. പ്രബന്ധം അവതരിപ്പിക്കാൻ താത്പ്പര്യപ്പെടുന്ന ഗവേഷണ വിദ്യാർത്ഥികൾ പേരു രജിസ്റ്റർ ചെയ്യുന്നതിനായി കേന്ദ്രം ഡയറക്ടർ ഡോ.സി.ആർ.പ്രസാദിനെ ജൂൺ 15 ന് മുമ്പായി 9447552876 എന്ന നമ്പറിൽ വിവരം അറിയിക്കേണ്ടതാണ്.ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കായിരിക്കും ഈ ലക്കത്തിൽ അവസരം ലഭിക്കുക. രജിസ്റ്റർ ചെയ്യുന്നവർ പ്രബന്ധം ഗവേഷണമാർഗദർശിയുടെ സാക്ഷ്യപത്രത്തോടൊപ്പം ജൂൺ 30 ന് മുമ്പായി എത്തിക്കേണ്ടതാണ്.പ്രബന്ധം മലയാളത്തിലായിരിക്കണം എന്നതാണ് വ്യവസ്ഥ.

തിരുവനന്തപുരം.
02.06.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098